പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 580

12.06.2012-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്ക്കരണ മിഷൻ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വി.പി സജീന്ദ്രൻ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മിഷന് രൂപം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത മിഷൻ വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഭക്ഷ്യ സംസ്ക്കരണ മിഷൻെറ ലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.<br>1. സംസ്ഥാനത്തു ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനികവൽക്കരണത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക.<br>2.കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനും റീഫർ വെഹിക്കിൾസ് സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.<br>3. മാനവ വിഭവശേഷി വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.<br>4. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതികൾ. |
| സി) പ്രസ്തുത മിഷൻ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | സി) പ്രസ്തുത മിഷൻ നടപ്പാക്കുന്നതിന് 75% കേന്ദ്ര ധനസഹായവും 25% സംസ്ഥാന ധനസഹായവുമാണ് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ചിരുന്നത്. മിഷന് വേണ്ടിയുള്ള Vision Document തയ്യാറാക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും 150 ലക്ഷം രൂപയുടെ സഹായം കേന്ദ്ര ഗവൺമെൻറിൽ നിന്നും ലഭിക്കും. ഇതനുസരിച്ച് ആദ്യഗഡുവായ 1.12 കോടി രൂപ ഇതിനകം കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. |

Haseem Kaeenth

സെക്ഷൻ ഓഫീസർ